# PERAMBRA HIGHER SECONDARY SCHOOL

DIGITAL MAGAZINE

# കതിരുകൾ






**ലിറ്റിൽ കൈറ്റ്സിന്റെ ആഭിമുഖ്യത്തിൽ 2019-20 അധ്യായന വർഷത്തിൽ പേരാമ്പ്ര ഹയർസെക്കണ്ടറി ഒരുക്കിയ ഡിജിറ്റൽ മാഗസിന് എല്ലാവിധ ഭാവുകങ്ങളും നേരുന്നു.**

**സർവ്വാശംസകളോടെ**

**ഹെഡ്മിസ്ട്രസ്**

IT MAGAZINE

**തങ്കമ്മ മാത്യു**



# പ്രിയ വായനക്കാരാ.............

കുറ്റമറ്റ മാഗസിൻ എന്ന നിലയിൽ ഇതിനെ വിലയിരുത്തരുത്. ഞങ്ങൾ കുറച്ച് കുട്ടിപ്പട്ടങ്ങൾ സൗഹൃദത്താൽ സംഭരിച്ചെടുത്ത കുറച്ചു വാക്കുകൾ ;അത്രമാത്രം. കൂട്ടത്തിൽ കരുത്തുറ്റ ചില പ്രൗഢരചനകൾ ഉൾപ്പെടുത്താൻ കഴിഞ്ഞതു ഭാഗ്യം. അവകാശവാദങ്ങൾ ഒന്നുമില്ലാതെ നേരിട്ട് സമർപ്പിക്കുന്നു.വിലയിരുത്തേണ്ടതും പ്രോത്സാഹനം നൽകേണ്ടതും നിങ്ങൾ തന്നെയാണ്. ഇപ്പോൾ ഇത്രമാത്രം!

ഒത്തിരി സ്നേഹത്തോടെ

എഡിറ്റർ

# ഉള്ളടക്കം


IT MAGAZINE EDUCATION IS ..................6
പൂവിന്റെ കൂട്ടുക്കാർ..................7
ഭക്ഷിച്ചു പിന്നെ അതിന്റെ അന്ത്യം കഴിഞ്ഞു..................8
Human Intelligence Gene..................9
കാഴ്ച്ചയിലെ വീഴ്ച്ച..................10
അമ്മ..................11
പകിടകൾ..................12
മഴ..................14
പയർച്ചെടികൾ..................15
..................16
വെളിച്ചം..................16
സ്വപ്ന കാഴ്ച്ച..................17
പൂവ്..................19
ആ വണ്ടിയും കടന്നുപോയ്..................20
ഹൃദയത്തിൽ പെയ്യുമ്പോൾ..................22
NATURE AND MAN..................25
SUDOKU..................26
FAMOUS SCIENTISTS..................30
*OUR GOLDEN MOMENTS*..................31
നവകേരളം..................33
ഒരു വാട്സാപ്പ് ചിന്ത..................34
പുറപ്പാട്..................36
ഇരകൾ..................37
ഭ്രാന്ത് പൂക്കുന്ന വാക്ക് ..................38
◌◌ അമ്മൂതേത്തി!..................39
സസ്നേഹം..................44

# EDUCATION IS ........

- “The great task of education is not merely to collect facts but to know man and to make oneself known to man”_ Rabindranath tagore
- “Education consists mainly in what we have unlearned”_Mark Twain
- “Let early education be a sort of amusement; you will then be better able to find out the natural bent”_ Plato
- “When you educate a man you educate an individual, when educate woman you educates whole family” _ Jawaharlal Nehru
- “Education is a continuing process from the minute we are born until we die.”_ Indira Gandhi.
- “Education is the ability to listen to almost anything without losing your temper”_ Robert Frost.
- “I have never let my schooling interfere with my education.”_ Mark Twain.

## പൂവിന്റെ കൂട്ടുകാര്




ആ വീട്ടുമുറ്റത്തെ ഓരോ പൂവിനും
ഓരോ ദുർഗന്ധമായിരുന്നു ആ പൂവ് -
വളരുന്നതും വലുതാവുന്നതും
ഓരോ കുട്ടിയും ആ ഗ്രാമത്തിലാകെ
ആ ഒരു വീട്ടിലെ ആ പൂവുണ്ടായിരുന്നുള്ളൂ
പൂവിന്റെ ഓരോ രൂപവും ഭാവവും
നോക്കിനടക്കാൻ കൊച്ചു കുട്ടികൾ മുതൽ
വൃദ്ധരു വന്നിരുന്നു ആ പൂവു മാത്രം
ജീവജാലങ്ങളെല്ലാം വന്നു നോക്കും
ആ പൂവിൻ മധു നുകരാൻ ചിത്രശലഭങ്ങളാകെ
അലഞ്ഞു മത്സരമായിരുന്നു. അതു കണ്ടാല്
ആ വീട്ടു മുറ്റം നിറയെ ഈ പൂവു നിറഞ്ഞു
ആ വീട് പിന്നെ ഒരു പൂവിന്റെ നടുമുറ്റമായ്
അവിടെയൊരു കൊച്ചു പൂന്തോട്ടമാക്കി
അവിടെ പിന്നോ കുറേ പൂവുണ്ടാക്കി
അവിടെ പിന്നെ എല്ലാവരും വന്ന്
കമ്പ് പൊട്ടിക്കാനും തുടങ്ങി
അവിടെ മുഴുവനും പൂവുകൊണ്ടലകൃതമായ്
പൂവിന്റെ ഓരോ ഇതളും കൊഴിഞ്ഞു പോകാൻ
തുടങ്ങി
അതിൽ ഓരോ പുമ്പാറ്റയും വന്ന് മുട്ടിയടാൻ
തുടങ്ങി
അത് പുഴുവായ് തുടങ്ങി അത് പൂവും ചെടിയും
ഭക്ഷിച്ചു പിന്നെ അതിന്റെ അന്ത്യം കഴിഞ്ഞു.

# Human Intelligence Gene

## put into a Monkey

*Chinese scientists have added a human gene to monkeys in a recent experiment.According to the study published in the Chinese journal National Science Review, a team led by geneticist Bing Su of Kunming Institute of Zoology investigated how the gene linked to brain size, MCPH1 might contribute to both the evolution of human organs and our complex brains.*

*They injected 11 rhesus macaque embryos with a virus carrying the human version of MCPH1.They found that the brains of the transgenic monkeys-those with the human gene -devoloped at a slower pace, like that of humans.By the age of 2-3, the transgenic monkeys performed better on short-term memory tests.*

*Rebeca walker,a bioethicist at the University of North Carolina, is concerned that giving human like intelligence to animals could be the start of a slippery slope.Moreover, walker wonders whether we could enhance human brains through these methods.*

*Su Justifies that there is a great evolutionary distance Between macaque and humans. Moreover,he says,changing one gene among millions of genes won't cause dramatic changes.*




***Sadhika 8J***

## കാഴ്ച്ചയിലെ വീഴ്ച്ച




ഉള്ളിലെ കാഴ്ച്ചയും മങ്ങി
ഇന്നിവരുടെ കണ്ണിലെ കണ്ണുനീർ മങ്ങി
ചുണ്ടിലോ തിന്മതൻ വാക്കു മുഴങ്ങി
ഉള്ളിലെ നന്മ വഴങ്ങി
ഹൃത്തിലെ വൃത്തി വിടവാങ്ങി
മർത്ത്യനോ കാത്തിയായ്  മറിഞ്ഞുത്തുടങ്ങി
മനുഷാദ എന്നു കേഴും കിടാക്കൾതൻ
മാനം നശിപ്പിച്ച മർത്തയാ നീ
മർത്ത്യന്റെയുള്ള മരിച്ചുവെന്നങ്കിലും
അർത്തവത്തൊരു പദം മാത്രം ബാക്കി
മർത്യരെന്നർത്തമത് അർത്ഥത്തിനായ്
വേണ്ടിയേതുകൃത്യവും ചെയ്യുന്ന കാട്ടാളനായ്
വ്യക്തിയോ വ്യക്തമല്ലാത്തൊരു ഹൃത്തുമായ്
ചുറ്റിനടക്കുന്നു ചുറ്റുമാകെ
ചുളിനത്തിലേക്കാഞ്ഞടിക്കുന്ന തിരമാല
കുഞ്ഞിനെപ്പോലെ -
ഒരു നമസമൂഹത്തിനോടാഞ്ഞക്കാനൊരു -
കുഞ്ഞിനെപ്പോലും വെറുതെ വിട്ടില്ലല്ലോ
ഒരു പുഞ്ചിരിക്കായ് കാത്തുനിൽക്കുന്നൊരു -
മാൻകിടാവിനെയെന്തു ചെയ്തു -
ഒരു ചോദ്യം പോലും ചൊല്ലിടുന്നതിൻ മുൻപ്
അരുതെന്ന വാക്കോതിടുന്നതിൻ മുൻപ്
ഒരു നൂറു കൊല ചെയ്തില്ലെടോ നിങ്ങൾ
വാനോളമേത്തുവാൻ സമ്മതിക്കാതെയീ
കുഞ്ഞുപൊൻമുത്തുകളെ നിങ്ങളെന്തു ചെയ്തു
മരണമോ നിങ്ങൾക്കില്ലേ മനുഷ്യാ -
ഒരു മരണവും കണ്ടു ചിരിക്കാതെടോ
ഉള്ളിലെ അന്ധക്കാരത്തെയേന്തി നിങ്ങളീ
സ്വർഗലോകത്തിലെന്തിനു വന്നുവോ
എല്ലാമിരുട്ടായ് കാണുന്നതിൻ മുൻപിവിടെ
 എല്ലാം ഇരുട്ടാക്കി പോവുല്ലെടോ
ചിറകടിച്ചുയരുവാൻ സമ്മതിക്കാതെയീചിറകടിച്ചീടല്ലേ മനുഷ്യരെ


# അമ്മ



ചെറ്റക്കുടിലിന്റെയറ്റത്തുനിന്നമ്മ, പൊട്ടികരയുന്ന യാമം
ഉറക്കിടാവിന്റെ ചെറ്റത്തരത്തെയോർത്തുറ്റുന്ന കണ്ണുനീർ
ഏറെയേറെ
സ്വത്തിനായൊത്തുകൂട്ടുമൊരുന്നാൾ, അമ്മ ചത്തൊട്ടു -
ങ്ങാൻ കൊതിക്കും അഞ്ചുക്കിടാങ്ങളും
മഞ്ചാടിക്കുരുവാരി എണ്ണിപഠിപ്പിച്ചു...
തോളോട്ടുതോളേറ്റി എന്നും കളിപ്പിച്ചു
വഞ്ചനയരുതെന്ന് കൊഞ്ചിപ്പറഞ്ഞിട്ടും... അവർ
വഞ്ചിച്ചതും തൻ പെറ്റമ്മയെ...
ഒരുദിനം ഒന്നാമനോമനപുത്രൻ, ഒരു കടലാസു തുണ്ടുമായ്
അമ്മതൻ ചാരയൊന്നെത്തി
ഇടറിയ കൈകളിൽ മഷി പകർത്തി പേപ്പറിൽ
മഷിയൊപ്പൊന്നു പകർത്തി
സ്വത്താ പുത്രൻ കരത്തിലുമെത്തി
വീടാകെ സോദർതൻ കലഹമായി
നാട്ടാർക്കു പറയുവാൻ കാര്യമായി
വഴക്കിന്റെ ലോകത്തേക്കുള്ള അവരുടെ
പാതതൻ വഴിക്കൽ വിതുമ്പുന്നൊരമ്മ...


## പകിടകൾ

ചരിത്രം വീണ്ടും പകിട
കളിക്കുകയാണ്.
മനുഷ്യ പ്പകിടകളെറിഞ്ഞ്
മതങ്ങൾ മത്സരിക്കുന്നു.
ആയുധങ്ങൾ കാഹളം
മുഴക്കുമ്പോൾ
രക്തമൊഴുകുന്ന വീഥികളിൽ
ദൈവം പരിഹാസമാവുന്നു.
തുരുമ്പിച്ച
കമ്പിവേലിക്കുമപ്പുറത്ത്
രോദനത്തിന്റെ
തേങ്ങലടങ്ങുന്നില്ല.
വിഷം ചീറ്റുന്ന ചിന്തയുടെ-
യുഷ്ണത
ഹൃദയത്തിന്റെ
സ്നേഹ ഭിത്തികൾ
വേവിച്ച ദുർഗന്ധം കാറ്റിന്റെ
ചിറകിലേറിയണയുന്നു.
പർവ്വതനിരകളിൽ
മഞ്ഞ് തണുത്ത് കട്ട
പിടിക്കുമ്പോൾ
മത ചിന്തയുടെ ചൂളയിൽ
വെന്തുപോയ വികാരങ്ങൾ
തണുക്കാൻ വൃഥാ
കാത്തിരിക്കാം.
മതത്തിന്നതിർത്തികൾ



മനുഷ്യന്റെ കരളിൽ പകയുടെ
കരിങ്കൽ ഭിത്തികൾ തീർക്കവേ
കടലിന്റെയൂഷ്മളത പകരുന്ന
കാറ്റ് മുള്ളുവേലിക്കപ്പുറം
തളർന്നു വീഴുമോ എന്ന ഭയം.
അതിർത്തി
പണിതവരുടെയുള്ളിൽ
ഭ്രാന്തിന്റെ  വേഷം കെട്ടിയാടുന്ന
കോലങ്ങൾ
ഹേ......മനുഷ്യാ   നീ
എവിടെയൊളിപ്പിച്ചു നിന്റെ
കരളിന്റെ യാർദ്രതയും
കനിവിന്റെ തീഷ്ണതയും.
മൃഗീയതയുടെ തീ ജ്വലിക്കുന്ന
കണ്ണുകളും
കൂർത്ത നഖങ്ങളും
കടം വാങ്ങിയ യൗവനങ്ങൾ
അതിർത്തി കാക്കുന്ന  കാവൽ
ഭടന്മാരായിരിക്കുമ്പോൾ
ഉള്ളിലെരിയുന്ന വിദ്വേഷത്തിന്റെ
തീജ്വാലകൾ
മുൾച്ചെടികൾ തീർത്ത
ഭിത്തിയും കടന്നെത്തുന്ന കാറ്റിൽ
അണയുമെന്ന് ആശ്വസിക്കാം.

സുരേഷ് ദ്വാരക



## മഴ

മഴമേഘം വന്നു നിറഞ്ഞു വിണ്ണിൽ
മണ്ണിലേക്കെത്തുവാൻ നേരമായോ
മാടിവിളിച്ചെങ്കിൽ വന്നീടുമോ
മടിതീർന്നുപെയ്യുമോ തുള്ളിയായ്
തൊണ്ടപിളർക്കുന്നു വയലിലായ് മാക്രികൾ
മയിലുകൾ പീലിവിടർത്തുന്നു കാവിലും
കുളിരുമായെത്തുന്ന ചെറുക്കാറ്റിൽ വല്ലികൾ
മതിവരാതങ്ങനെ നൃത്തം ചവിട്ടുന്നു
മാനത്തെത്തി കാർമേഘം
തുള്ളികണക്കെ പെയ്യാനായ്
കാലം നോക്കിയിരിപ്പാണ്
വേഗം വേഗം വന്നോട്ടെ
പെയ്തു തിമിർത്തു ക്ഷണനേരം
മണ്ണു നനഞ്ഞു മണമൊഴുകി
തോടും വയലും കുളിർകോരി
മീനുകളേറെ കളിയാടി

**FIDA K AHAMMED**

## പയർച്ചെടികൾ

അന്നെനിക്കൊരുമണി പയറുകിട്ടി
മുറ്റത്ത് തടമിട്ടു പയറുനട്ടു
വളമിട്ടു വെള്ളം കൊടുത്തു നീളെ
തലനീട്ടി കൊച്ചിളം ഇലകൾ വന്നു
ഒരു ചെറു പന്തൽ പണിതൊരുക്കി
വള്ളിയായ് പയറതിൽ കയറിവന്നു
പന്തൽ നിറയെ പടർന്നു നിന്നു
പൂവിട്ടു കായായ് നിറഞ്ഞു നിന്നു
മഴപെയ്ത്ത് മണ്ണകുളിർത്ത കാലം
ഒരു കുമ്പിൾ നെല്ല് വിതച്ചു നോക്കി
തളിരില നീട്ടി മുളച്ചു പൊന്തി
സന്തോഷത്താലെൻ മനം കുളിർത്തു
വലളമിട്ടു കണ്ണിന്റെ കോണിൽ വെച്ച്
വെള്ളം കൊടുത്തു കള പറിച്ചു
പൊൻകതിർത്തുമ്പു ഞാൻ കണ്ടനേരം
ഉള്ളനിറഞ്ഞ ഞാനാനന്ദിച്ചു



അണഞ്ഞു പോയ മെഴുകിരി നാളങ്ങളുടെ നടുവിലൂടെ
അരണ്ട വെട്ടത്തിൽ തപ്പിത്തടഞ്ഞ് നീങ്ങിയ കാൽപ്പാടുകൾ
മിന്നാമിനുങ്ങിന്റെ ഉടഞ്ഞു പോയ വെട്ടത്തിൽ കണ്ട -
പിഞ്ഞിയ ചിത്രത്തിനുമേൽ ഒരു തുള്ളി കണ്ണുനീരുറ്റി




ആരൊക്കയോ താണ്ടിയ വഴികളിൽ നീളെ -
വിളറിയ വെള്ളപ്പൂക്കൾ വിരിഞ്ഞുനിന്ന
നാലിതളുകൾക്കടിയിൽ കടലോളം ആയം ചെന്ന അനന്തത
ഹൃദയമിടിപ്പിന്റെ വേഗത കൂട്ടി

നിലവിളികൾ കേട്ടു തയമ്പിച്ച് വീർപ്പുമുട്ടി ഒഴുകുനിലച്ച -
പുഴവക്കിൽ മരിച്ചുകിടക്കുന്ന കാറ്റ്
കണ്ണുനീർ ചോർന്നൊലിക്കുന്ന ചുവപ്പു പുരണ്ട ചുവരുകളിൽ
ദൈവത്തിന്റെ നിശ്വാസം മാറ്റൊലി കൊണ്ടു

വിജനമായ നിരത്തുകളിൽ ശബ്ദിച്ച നിശബ്ദത
ഇരുട്ടിന്റെ ആഴം കൂട്ടേണ്ടതായിരുന്നു
അനന്തമായ വഴികളിലിനിയും
കണ്ണുനീർ വീഴേണ്ടതായിരുന്നു

കണക്കുകൂട്ടലുകൾ തെറ്റിയ ദൈവം
മിന്നാമിനുങ്ങിനെ അതിശയിച്ചു നോക്കി, വഴിയിൽ
തെളിഞ്ഞുകണ്ട നുറുങ്ങ് വെട്ടങ്ങൾ കൊണ്ടെത്തിച്ചത്
മിന്നാമിനുങ്ങുകൾ പൂത്ത മരത്തിലേക്കായിരുന്നു.


LAYAL FATHIMA

# സ്വപ്ന കാഴ്ച്ച

ആ മതിലിൻ മറുകരെയ്യെത്തുമ്പോൾ
കാണുന്നു സ്വർഗം മിഴിലതു രാഗം
ചിറകടിച്ചുയരുന്ന വായുവിൽ നീളെ,
ശലഭങ്ങൾ, പൂന്തേനുണ്ണുന്ന വണ്ടുകൾ
നിലം നീളെ പുഷ്പങ്ങൾ
നിറഞ്ഞൊഴുകുന്ന പൂവിന്റെ പൂന്തേനും
ആ പൂന്തേനരുവിയിൽ നീരാടുവാൻ വേണ്ടി
എത്തിടുന്ന പൂവിന്റെ കൂട്ടുക്കാർ
പനിനീരോ, മുല്ലയോ,
ജമന്തിയോ ചെമ്പകം
മല്ലടിച്ചീടുന്നവർ മനോഹരിത:-
യെത്തിനോക്കുവാനുള്ള ആകാംക്ഷയിൽ
മിഴിൽ പൂമ്പൊടി വിതറുമാ
കാഴ്ച്ചയിൽ അലിഞ്ഞലിഞ്ഞു ഞാൻ
ചേർന്നിടും പൂവിലോ.
സ്വപ്നമോ സത്യമോ
ഈ കാഴ്ച്ച എന്നുള്ളിൽ ചിത്രമായ്
പതിച്ചിടും ഗാനമായോ?
ഓരോ ഇതളിന്റെ തുമ്പിലും
വർണ്ണമായ് വിരിയുന്ന,-
വിതറുന്ന മായകൾ ഒന്നായ്
ആ മായാജാലമെങ്ങും-
പരക്കുന്ന പുതുഗന്ധമോടെ,-
പുതുമയോടെ.
സ്വർഗത്തിലെത്തിടേണ്ടയെന്നീ-
ക്കെപ്പോഴും സ്വർഗമാണി പൂങ്കാവനം,
പൂവിൽ നിന്നു പൂവിലേക്ക് പറക്കാൻ
ശലഭമായിരുന്നെങ്കിലെന്നു ഞാൻ കൊതിച്ചു.
കാറ്റിന്റെ ശീതളച്ഛായകൾക്കു മുന്നിൽ
പൂക്കൾ ആടിയുലയുന്ന,-
നൃത്തമാടുന്നു.
എന്നുമെന്നുമീ കാഴ്ച്ചകാണുവാൻ
ഞാനാഗ്രഹിപ്പൂ അന്നുമിന്നും



**അസിൻ ബാനു 9 C**




1. In which year did Wilhem Rontgen won the Nobel Prize in Physics?

- 1896
- 1921
- 1901
- 193

2. Which of the following is a scale to measure wind speed?

- Beaufort
- Decibel
- Ampere
- Hertz

3. Which of the following is not a part of our eye?

- Cornea
- Retina
- Coccyx
- Pupil

4. The word 'geo' is related to...........

- The Sun
- The Earth
- The Body
- Bird

5. Which of the following is the lowest layer of the Earth's atmosphere

- Thermosphere
- Mesosphere
- Troposphere
- Stratosphere

7. Mary Curie won the Nobel Prize in the year ..........

- 1903
- 1905
- 1911
- 1926

8. Which of the following is not an Amphibian?

- Frog
- Tortoise
- Newt
- Salamander

9. The first laser was built in 1960 by.........

- Theodore Maimam
- Robert Oppenheimer
- George Gamov
- Richard Feynman

10. .......... is a pigment that makes our skin and hair darker

- Melanin
- Thyroxine
- Sternum
- Aorta

11. The steamm locomotive designed by Robert Stephenson and Company in 1829 was named

- Fatman
- Rocket
- Eniac
- Black Beauty

---

**ANSWERS**

1:1901,2:Beaufort,3:Coccyx,4:The Earth,5:Troposphere,6:Komodo dragon,
7:1911,8:Tortoise,9:Theodore Maiman,10:Melanin,11:Rocket.

# പൂവ്

ആ വീട്ടുമുറ്റത്തെ ഓരോ പൂവിനും
ഓരോ ദുർഗന്ധമായിരുന്ന ആ പൂവ് -
വളരുന്നതും വലുതാവുന്നതും
ഓരോ കുട്ടിയും ആ ഗ്രാമത്തിലാകെ
ആ ഒരു വീട്ടിലെ ആ പൂവുണ്ടായിരുന്നുള്ളൂ
പൂവിന്റെ ഓരോ രൂപവും ഭാവവും
നോക്കിനടക്കാൻ കൊച്ചു കുട്ടികൾ മുതൽ
വൃദ്ധരു വന്നിരുന്ന ആ പൂവു മാത്രം
ജീവജാലങ്ങളെല്ലാം വന്നു നോക്കും
ആ പൂവിൻ മധു നുകരാൻ ചിത്രശലഭങ്ങളാകെ
അലഞ്ഞു മത്സരമായിരുന്നു. അതു കണ്ടാല്
ആ വീട്ടു മുറ്റം നിറയെ ഈ പൂവു നിറഞ്ഞു
ആ വീട് പിന്നെ ഒരു പൂവിന്റെ നടുമുറ്റമായ്
അവിടെയൊരു കൊച്ചു പൂന്തോട്ടമാക്കി
അവിടെ പിന്നോ കുറേ പൂവുണ്ടാക്
അവിടെ പിന്നെ എല്ലാവരും വന്ന്
കമ്പ് പൊട്ടിക്കാനും തുടങ്ങി
അവിടെ മുഴുവനും പൂവുകൊണ്ടലങ്കൃതമായ്
പൂവിന്റെ ഓരോ ഇതളും കൊഴിഞ്ഞു പോകാൻ തുടങ്ങി
അതിൽ ഓരോ പുമ്പാറ്റയും വന്ന് മുട്ടിയടാൻ തുടങ്ങി
അത് പുഴുവായ് തുടങ്ങി അത് പൂവും ചെടിയും
ഭക്ഷിച്ചു പിന്നെ അതിന്റെ അന്ത്യം കഴിഞ്ഞു.

ARCHANA PRAKASH 9 A

# ആ വണ്ടിയും കടന്നുപോയ്

ഉമ്മാമ ആ വണ്ടിയും കടന്നുപോയ്... ഒരുങ്ങിത്തീരാത്ത ഉമ്മാമയെ നോക്കി ഉമ്മറത്തിരുന്ന പാത്തുട്ടി അലറി. നാളെ കഴിഞ്ഞ് അടുത്ത ദിവസം പാത്തുട്ടീടെ വീട്ടിൽ കൂടലാണ്. അതിനുവേണ്ടി കുപ്പാഴം എടുക്കാൻ പോവുകയാണ് പാത്തുവും ഉമ്മാമയും. പൂത്തുവിന്റെ ഉമ്മയും വാപ്പയും ഗൃഹപ്രവേശ കത്ത് കൊടുക്കാൻ ബന്ധുവീട്ടിൽ പോയതായിരുന്നു. മെനഞ്ഞാന്ന് തുടങ്ങിയ അല്ലപ്പാടാണ് ഉമ്മാ...കുപ്പാഴം എന്ന് പറഞ്ഞോണ്ട്. ഉമ്മാമയാണെങ്കിൽ ഭയങ്കര ഒരുക്കക്കാരിയാണ്. ചത്താലും ചമഞ്ഞേ നടക്കു എന്ന ഒരുക്കത്തിലാണ് മൂപ്പത്തി. പാത്തു വീണ്ടു വീണ്ടും അലറി .ഒടുവിൽ നീരാടലും വസ്ത്രധാരണവും ചമയം പൂശലുമൊക്കെ കഴിഞ്ഞ് ഉമ്മാമ അരങ്ങത്തെത്തി. പാത്തുനേക്കാളും സുന്ദരിയായിട്ടാണ് പെണ്ണുങ്ങടെ വരവ്. ഒരു പുച്ഛ ഭആവത്തോടെ പാത്തു ചോദിച്ചു : ഓ എഴുന്നള്ളിയോ മാളികപ്പുറത്തെ തമ്പ്രാട്ടി. ഇതു കേട്ടയുടനെ ഉമ്മാമ മുഖം തിരിച്ചു. ദീർഘനേരമെടുക്കാതെ അടുത്ത മറുപടി വ പോവാം. പാത്തുന് വല്ലാത്തൊരു ദ്യതിയായിരുന്നു. അങ്ങനെ ഓരോ വണ്ടിയും കുത്തികൊള്ളിച്ച് പോയി. അതിനോപ്പം പാത്തുന്റെ പിറുപിറുക്കലും. അങ്ങനെ അവസാനം ഒരു ജീപ്പുക്കിട്ടി. കേറിയയുടൻ ശർക്കര ഒന്നിച്ചു കിട്ടിയ ഉറമ്പിന്റെ അനുഭൃതിയായിരുന്നു പാത്തുന്. പാത്തു കേറിയയുടനെ തന്നെ പറഞ്ഞു " ഉമ്മാമ ഞാനിന്നലെയൊരു സ്വപ്നം കണ്ടു. ഉമ്മാമ ചോദിച്ചു എന്ത് സ്വപ്നം ? ഉടനെ പാത്തു പറഞ്ഞു നമ്മുടെ വീട്ടിൽ നിറയെ ആളും പന്തലും കസേരയും ഉമ്മാമയൊരു സിൽക്ക് സാരിയും ബാപ്പയൊരു നീല ഷർട്ടും ഞാനൊരു മഞ്ഞ ഉടുപ്പും ഉമ്മാമയൊരു വെള്ള കുപ്പാഴവും ഇട്ട് കുടലിനുവരുന്ന ആളുകളെ ക്ഷണിക്കുന്നു. എന്തോരം പേരെന്നറിയോ അവിടെ അതിനടിയിൽ വെട്ടിത്തിളക്കുന്ന നമ്മുടെ പുര ഹോ.. നേർത്ത പുഞ്ചിരിയോടെ ഉമ്മാമയൊന്നു മൂളി. ചേട്ടാ ഒന്നു കത്തിച്ചു വിട് പാത്തു ഡ്രൈവറോ ചൊന്നു. ഡ്രൈവർ ചിരിച്ചു. ആങ്ങനെ പ്രൗഢ ഗംഭീരമായ തുണി കടയ്ക്കു മുന്നിൽ വണ്ടി നിർത്തി. തുണിക്കടയ്ക്കുള്ളിൽ

കയറിയ പാത്തു അങ്ങോട്ടുമിങ്ങോട്ടും ഓടിനടന്നു. അങ്ങനെ ഘടികാരം 3 മണിയടികൾ പുറത്തുവിട്ടു. അങ്ങനെ ദീർഘനേരം തുണിക്കടയിൽ ചിലവഴിച്ച ശേഷം അവർ പുറത്തിറങ്ങി. റോഡിന്റെ മറു വശത്തെ ടാക്സി സ്റ്റാന്റിലേക്ക് കണ്ണോടിച്ച് ഉമ്മാമ പറഞ്ഞു വാ കടക്കാം. റോഡിന്റെ മധ്യത്തിലെത്തിയതും ഒരു ചീറ്റപുലിമാതിരി കടന്നുവന്ന വണ്ടി അവരെ തെറുപ്പിച്ച് പോഴി തലനാഴ്ക്ക് പാത്തു രക്ഷപ്പെട്ടെങ്കിലും ഉമ്മാമ അവിടെ കിടന്ന് വിറച്ചും രക്തമൊഴുകി ഒരു ചാലായി ഒരു കുളമായ് ഒരു പുഴയായ്. പാത്തു അലറി. ഉമ്മാമയെ രക്ഷിക്കണമെന്ന തികഞ്ഞ മനസ്സോടെ അവൾ ഓരോ വണ്ടിക്കും കൈനീട്ടി. ജനങ്ങൾ തിങ്ങക്കൂടിയെങ്കിലും സെൽഫിക്ക് വേണ്ടി കൈനീട്ടാനെ അവർ തയ്യാറായുള്ളു ഹൃദയം പിടഞ്ഞുകൊണ്ട് പാത്തു വണ്ടക്കുനേരെയും കൈനീട്ടി. മകന്റെ സ്വപ്ന സാക്ഷാത്ക്കാരത്തിലെ വീടിന്റെ കൂടലിനു തടസ്സമായികൊണ്ട് ആ ഉമ്മാമ മരണത്തിന്റെ പടിക്കലെത്തി നിന്നു. പാത്തുന്റെ സ്വപനത്തിനേകദേശം സാമ്യമായികൊണ്ട് വെള്ളയുടുത്ത് കഴിയുന്ന പുരുഷാരത്തിനടിയിലേക്ക് ആ ഉമ്മാമയെ ദൈവം മൃതശരീരമായ് നൽകി. റോഡിലെ തിരക്കൊഴിഞ്ഞു. അങ്ങനെ അവസാന വാഹനവും കടന്നുപോയപ്പോൾ പാത്തു അലറി. ഉമമാമാ ആ വണ്ടിയും കടന്നുപോയ് അപ്പോഴേക്കും ആ ഉമ്മാമയുടെ ജീവന്റെ തുടിപ്പ് പരലോകത്തേക്ക് കടന്നുപോയിരുന്നു.



## ഹൃദയത്തിൽ പെയ്യുമ്പോൾ

യാത്രക്കാരുടെ ശ്രദ്ധയ്ക്ക് ട്രെയിന് നമ്പർ 10460 തിരുവനന്തപുരത്തു നിന്ന് മംഗലാപുരത്തേക്ക് പോകുന്ന മംഗളാ എക്സ്പ്രസ്സ് ഏതാനും നിമിഷങ്ങൾക്കകം എത്തി ചേരുന്നതാണ്. അവൾ കൈകളിലേക്ക് നോക്കി വാച്ചിൽ സെക്കന്റ് സൂചിയുടെ ടിക് ടിക് ശബ്ദം. ആ വാച്ച് അത് അവൻ വാങ്ങികൊടുത്തതാണ്. അവളുടെ മെലിഞ്ഞ ആ വെളുത്ത കൈകൾക്ക് അത് നന്നായി ചേരുന്നുണ്ട്. ഒരു തുള്ളി ആ വാച്ചിനു മുകളിൽ വീണു. ചുവന്ന തുടുത്ത് കവിളുകളിലൂടെ അവളുടെ ഓർമ്മകൾ ഒഴുകിത്തുടങ്ങി. വറ്റാത്ത ഉറവപ്പോലെ...

ഒരു ആണിൽ നിന്നും പെണ്ണിനോ തിരിച്ചോ ലഭിക്കാവുന്ന ഏറ്റവും വലിയ ബന്ധം സൗഹൃദമാണെന്ന് അവൾക്കറിയാമായിരുന്നു. എന്നാൽ സമൂഹമോ, വീട്ടുക്കാരോ എന്തിന് കൂട്ടുക്കാർ പോലും അവരുടെ ബന്ധം സൗഹൃദമാണെന്ന് വിശ്യസിച്ചിരുന്നില്ല. എല്ലാവരും സദാചാരകണ്ണുകളോടെ കഴുകന്മാരെപ്പോലെ അവരുടെ ചുറ്റിലും പറന്നു. അപ്പോഴും അവർ തമ്മിൽ തമ്മിൽ പറഞ്ഞു അവർ മനുഷ്യരാണ്. എന്നാൽ സൗഹൃദം അത് ദൈവികവും അവൾ പൊട്ടിത്തെറിക്കാൻ പോവുന്ന അഗ്നിപർവ്വതം പോലെ ചുകന്നിരുന്നു. അവൾ പതിയെ കൈകളുയർത്തി. ടവലയെടുത്ത് മുഖം തുടയ്ക്കുകയും മൂക്കു ചീറ്റുകയും ചെയ്തു.

ഗോവിന്ദ് അവൻ തനിക്കാരാണ് എന്ന് പലവട്ടം അവൾ സ്വയം ചോദിച്ചിരുന്നു. അവൻ വഴക്കുപറയുമ്പോൾ അവൻ സ്വന്തം അച്ഛനാണെന്നാണ് തോന്നുക. എന്നാൽ ഒരു ഏട്ടനെ പോലെ കരുതൽ നൽകുകയും ഒരു സഹോദരിയെപ്പോലെ തല്ലുണ്ടാക്കുകയു ചെയ്തിരുന്നു. അവന്റെ കുസൃതി നിറഞ്ഞ ചിരിയും പൂച്ചക്കണ്ണുകളും അവളുടെ മനസ്സിൽ തെളിഞ്ഞ് വന്നു. സ്വന്തമായ് ഒരു അനിയത്തി ഉണ്ടായിരുന്നുവെങ്കിൽ അവനായിരുന്നേനേ ലോകത്തിലെ ബോസ്റ്റ് ഏട്ടൻ. ഇത് പലവട്ടം അവൾ തന്നെ അവനോട് പറഞ്ഞിട്ടുള്ളതുമാണ്. അപ്പോൾ നീയല്ലെ എന്റെ കുഞ്ഞിപ്പെങ്ങളായെന്ന് പറഞ്ഞ് ചിരിക്കുന്ന അവന്റെ മുഖം... അവളുടെ തോളത്തു പെട്ടെന്ന് ഒരു കൈ അവൾ തിരിഞ്ഞു നോക്കി. മോളെ പരശുറാം പോയോ? അവൾ പെട്ടെന്ന് കൈമാറ്റി ഇല്ലെന്നു പറഞ്ഞു ഒറ്റ നടത്തം. അയാളുടെ വഷളൻ ചിരിയും ഉഴിഞ്ഞുള്ള നോട്ടവും അവൾക്ക് ഒട്ടും പിടിച്ചില്ല. അവൾ ചിന്തിച്ചു ഗോവിന്ദുണ്ടായുരുന്നുവെങ്കിൽ ... അവൻ തീർച്ചയായും പ്രതികരിക്കും. ഒരിക്കൽ പ്രതികരിച്ചതിനാണല്ലോ അവൻ... തന്നെ ആരും ശല്യം ചെയ്യുന്നതു അവനിഷ്ടപ്പെടില്ല. അതിന് ഓവറായി റിയാക്ട് ചെയ്യുന്നതെന്തിനാ ഗോവിന്ദ് എന്ന് പറഞ്ഞ് ദേഷ്യപ്പെട്ടപ്പോൾ

അവൻ എന്തായിരിക്കും തിരിച്ചൊന്നു പറയാഞ്ഞത്ൽ? പറഞ്ഞിട്ട് കാര്യമാല്ലായിട്ടാണോ..ആവോ...

അന്ന് രാത്രി ഗോവിന്ദന് ഒപ്പമായതുകൊണ്ടല്ലെ തന്നെ വീട്ടിൽ നിന്ന് സമ്മതം മൂളിയത്. അവനെ എല്ലാവർക്കും വലിയ കാര്യമായിരുന്നു. അവന് തന്റെ മകനായെങ്കിൽ എന്ന് അച്ഛനും അമ്മയും ടീച്ചറും എപ്പഴും പറയുമായിരുന്നു. അതാകം അവന്റെ ഒളിച്ചോടൽ എല്ലാവരെയും സാരമായ് ബാധിച്ചത്. ഇനി എന്നാണവൻ തിരിച്ചുവരിക? ഇനി വനിനാലും തനിക്ക് കാണാൻ കഴിയുമോ? കല്യാണം കഴിഞ്ഞ് നാളെ മറ്റൊരു വീട്ടിലേക്ക് പോവുകയാണ് താൻ. ഇന്നും കൂടെ വന്നില്ലെങ്കിൽ...

അവനെ ഇന്ന് നാട്ടിലെല്ലാവരും വെറുക്കുന്നത് എന്തിനാണ്? സത്യം താൻ പറഞ്ഞിട്ടും ആരും വിശ്യസിച്ചില്ല. പകൽ മാന്യനായ് രാഷ്ട്രീയക്കാരന്റെ കുപ്പാഴം അണിഞ്ഞവനെ കുത്തിയമർത്തിയതാണോ അവൻ ചെയ്ത തെറ്റ്? തന്റെ കൂടപ്പിറപ്പിന്റെ (രക്തം കൊണ്ടല്ല, ഹൃദയം കൊണ്ട്) മാനം കാത്തതാണോ അവൻ ചെയ്ത തെറ്റ്? അവൾ പെട്ടെന്ന് ചുറ്റും നോക്കി. പേഴ്സിൽ നിന്നും മൊബൈലിന്റെ കരച്ചിൽ. അവൾ ഒരു ബോമ്മയെ പോലെ അത് ചെവിയിൽ വച്ചു. “ ഹലോ കല്യാണപ്പെണ്ണെ നീ എവിടെയാ"? ഞങ്ങൾ നിന്റെ വീട്ടിൽ എത്തിയിട്ട് മണിക്കൂർ ഒന്നായി. അപ്പോൾ അവൾ കോൾ കട്ട് ചെയ്യാതെ ഫോൺ തിരച്ചു വച്ചു.

പുറത്ത് വെയിൽ മങ്ങിയിരുന്നു. അവളുടെ ഹൃദയത്തിലെന്നപ്പോൽ അവിടെയും മഴ ചാറിയിരുന്നു. അവൾ ബാഗെടുത്ത് തോളിലിട്ടു. അവൾ പതിയെ എഴുന്നേറ്റ് രണ്ടടി മുന്നോട്ട് നടന്നു. തീവണ്ടിയുടെ ചൂളം ഉയർന്നു കേട്ടു. അത് പതിയെ നീങ്ങി തുടങ്ങി. വേഗം കൂടി വണ്ടി പ്ലാറ്റ് ഫോം കടന്ന് പോയ്. അപ്പോൾ അവളുടെ അടുത്തിരുന്ന അമ്മ നെടുവീർപ്പിട്ടു ' ആ വണ്ടിയും കടന്ന് പോയ്’...



MIND YOUR MATHS

Find a list of topics that you study under maths

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| O | Q | T | K | O | K | J | H | E | N |
| O | J | D | E | C | I | M | A | L | S |
| A | L | G | E | B | R | A | W | B | D |
| U | F | R | A | C | T | I | O | N | S |
| W | A | D | D | I | T | I | O | N | M |
| Y | N | B | V | L | P | I | T | A | X |
| B | L | G | E | O | M | E | T | R | Y |
| U | B | B | C | S | Z | A | Z | A | A |
| P | E | R | C | E | N | T | A | G | E |
| E | D | I | V | I | S | I | O | N | C |



Adil muhammed 8J

## NATURE AND MAN

The nature is treasure.....
For us, it is a pleasure
Light rays of sun
Bring nature to fun........
Birds are chirping
Plants are dancing
Burbling of river,
a music of nature
all enjoy's the beauty
and it so sweety
but the man is so moody
why is he so gloomy ..?
human's dull deeds
effect the nature's beeds
now our earth become dry
I feel so shy .....

Nandapriya
X A



# SUDOKU



complete the grid so that every row,column and coloured box contains every digit from 1-9


| | | | | | | | | |
|---|---|---|---|---|---|---|---|---|
| | 2 | | 7 | | 1 | | 8 | |
| | | 1 | | 9 | | 6 | | |
| 6 | | 5 | | 8 | | 9 | | 4 |
| 3 | | | | | | | | 2 |
| | | | 1 | 3 | 6 | | | |
| 7 | | | | | | | | 5 |
| 2 | | 4 | | 7 | | 3 | | 1 |
| | | 7 | | 1 | | 2 | | |
| | 6 | | 5 | | 2 | | 7 | |

AVANTHIKA R GIREESH 9 A

# *ECO-FRIENDLY BAG*








By
Archana prakash
IX - A


By Sojiya
IX - A

IT MAGAZINE

# FAMOUS SCIENTISTS

ALBERT EINSTEIN



JOHN DALTON




MARIE CURIE




ISAAC NEWTON



THOMAS ALVA EDISON



CHARLES DARWIN



STEPHEN HAWKING



A P J ABDUL KALAM



# *OUR GOLDEN MOMENTS........*













"നിങ്ങളുടെ അമ്മയോട് സംസാരിക്കുമ്പോൾ മൂർച്ചയുള്ള വാക്കുകൾ ഉപയോഗിക്കരുത്.
നിങ്ങളെ സംസാരക്കാൻ പഠിപ്പിച്ചത് ആ അമ്മയാണ്
എന്ന മറക്കരുത്.



"ഉറക്കത്തിൽ കാണുന്നതല്ല സ്വപ്നം
നമ്മുടെ ഉറക്കം
നഷ്ടപ്പെടുത്തുന്നതാണ്
യഥാർത്ഥ സ്വപ്നം"

"ഓരോ വീടും ഓരോ വിദ്യാലയമാണ്.
മാതാപിതാക്കൾ അദ്ധ്യാപകരും........


"

സമുദ്രജലത്തിലെ ഏതാനും തുള്ളികൾ മലിനമായാൽ
സമുദ്രം മുഴുവൻ മലിനമാകില്ല
മനുഷ്യനും  മനുഷ്യവംശവും അതുപോലെയാണ്”.

"ഒരു നല്ല വീടിന്  തുല്യം വയ്ക്കാൻ ലോകത്തൊരു സ്കൂളിനു കഴിയില്ല.
നന്മയുള്ള മാതാപിതാക്കൾക്ക് തുല്യം വയ്ക്കാൻ ലോകത്തൊരു അദ്ധ്യാപകനുമില്ല"

## നവകേരളം

അപ്രതീക്ഷിതമായ പ്രളയയത്തിൽ തളർന്നുപോയ ജനങ്ങളാണ് ഇപ്പോൾ കേരളത്തിലുള്ളത്. പലർക്കും സ്വന്തം വീടും പ്രിയപ്പെട്ടവരെയും നഷ്ടപ്പെട്ടു. നഷ്ടപ്പെട്ടതല്ലാം തിരിച്ച പിടിക്കാൻ നെട്ടോട്ടമോടുന്ന മലയാളികളെ നമുക്ക് കുറച്ചു മാസം മുൻപ് കാണാമായിരുന്നു. ഇന്ന് എല്ലാം പച്ചപിടിച്ചുവരുന്നുണ്ട്.

ദുരിതാശ്വാസ നിധിയിലേക്ക് വൻ പിരിവ് നടന്നെങ്കിലും അതൊന്നും ചിലവഴിച്ചിട്ടില്ലെന്നാണ് തോന്നുന്നത്. കാരണം അർഹരായ പലർക്കും ഇപ്പോഴും സഹായം എത്തീട്ടില്ല. ഇനിയെങ്കിലും അർഹർക്ക് സഹായം എത്തിക്കുമെന്ന് കരുതുന്നു.

നാം പ്രകൃതിയെ കുന്നിടിച്ചും വയൽനികത്തിയും കാട് വെട്ടി തെളിക്കുകയും എല്ലാം പലരീതിയിൽ ദ്രോഹിച്ചതിന് പ്രകൃതി തിരിച്ചടിക്കുന്നതാണ് ഭൂകമ്പം, പ്രളയം സുനാമി എന്നിവയൊക്കെ. അതുകൊണ്ട് ഈ പ്രകൃതി ക്ഷോഭങ്ങൾ ഒഴിവാക്കാൻ ഇനിയെങ്കിലും പ്രകൃതിയെ ഉപദ്രവിക്കാതിരിക്കുക.



ARUNIMA 9K

## ഒരു വാട്സാപ്പ് ചിന്ത





വാട്സാപ്പിലുണ്ടല്ലോ സുഹൃത്തനേകം
ഫേസ് ബുക്കിലും സംഗതിയൊന്നു തന്നെ
നെറ്റിന്റെ വേഗം കുറയുന്ന നേരം
ചെററല്ല പിന്നെ പുനരാരുമില്ല

നെറ്റിന്റെ യോരംതിരയുന്ന നേരം
മുറ്റും ഭവാനെന്നെ സുഹൃത്തുമാക്കി
കണ്ടാൽ ചിരിക്കാറുമതില്ല നേരിൽ
ക്കണ്ടാലറിഞ്ഞീടിന ഭാവമില്ല.

## കണക്ക്

കണക്കിൽ ചെറുപ്പം മുതൽക്കേ കണക്കെ
ന്നുറക്കേ കഥിക്കാൻ മടിക്കില്ല ഞാനും
പെരുക്കാൻ കുറക്കാൻ ഹരിക്കാനുമിന്ന-
ങ്ങു കൂട്ടാനുമാവില്ല ഞാനും കണക്കാ

എം.ഇ.ഉണ്ണികൃഷ്ണൻ
പേരാമ്പ്ര HSS


By
Jyothiradithya
IX - A

# പുറപ്പാട്

മഞ്ചാടിക്കുരു വാരിക്കളിക്കേണ്ട കുഞ്ഞേ....
നിന്നിൽ ചെഞ്ചോര പൂശിയ താരാണ്?
അമ്മിഞ്ഞപ്പാലിന്റെ മണമുള്ള നിൻ പൂമേനി ചീന്തിയെറിഞ്ഞതുമാരാണ്?
ഇനിയിവിടെയേതു ദൈവത്തിന്നവ താരമുണ്ടോ?
ഈരാക്ഷസപ്പടയെ കൊന്നൊടുക്കാൻ.
സ്നേഹം വറ്റിവരണ്ടൊരു ഹൃത്തിൽ ഞാൻ കണ്ടില്ല
മാനവികതയുടെ ഒരു തെല്ലുവെട്ടം?
സ്വപ്നങ്ങളൊക്കെയും
പൂമൊട്ടായി ശേഷിപ്പൂ അമ്മ തൻ കരളിലെ കരിഞ്ഞൊരാ വല്ലിയിൽ
തെരുവുകളൊക്കെയും കുറുനരികൾ പായുന്നു.
അമറുന്ന നിലവിളികൾ ചങ്കിൽ കുടുങ്ങുന്നു.
കൈവിരൽ തുമ്പുകളിൽ രക്തങ്ങളിറ്റുന്നു.
കൈനഖപ്പാടുകൾക്കാഴങ്ങൾ കൂടുന്നു.
ആദ്യമായ് വായ തുറന്നു ഞാനെടുത്തൊരു ശ്വാസമേ ....
എന്നിൽ നീ ശേഷിക്കു
പടച്ചട്ടയണിയുവാൻ, ഇനിയുമൊരു കണ്ണുനീർ
വീണടയാതിരിക്കുവാൻ.

സുരേഷ് ദ്വാരക

# ഇരകൾ

--------------

ചുട്ടു കൊല്ലമ്മേ..
ചുട്ടു കൊല്ലമ്മേ..
ഉടവാളു കൊണ്ടെന്റെ
നെഞ്ചു കീറമ്മേ..
ചുടു ചോര മോന്താൻ വരുന്ന
ചെന്നായ്ക്കൾക്കെൻ
വെന്ത മാംസം കെടുക്കമ്മേ.. മടിക്കാതെ.
വേവാതെ പോയ കിനാക്കളുമായി ഞാൻ
വേറൊരു ലോകം പുൽകട്ടെയമ്മേ..
കാട്ടുചെടിയുടെ
പൂവു പോലിങ്ങനെ
നുള്ളിയെറിയുവാൻ
പെണ്ണെന്ത് പിഴച്ചമ്മേ..
പെണ്ണിന് മാനാഭിമാനം വരും കാലം
വീണ്ടും പിറക്കും
ഞാനമ്മതൻ മകളായി.
ഈ കൂരിരുട്ടിലെ
ചെന്നായ്ക്കളെൻ നെഞ്ച് കീറുന്നതിൻ മുമ്പെ
ചുട്ടു കൊല്ലമ്മേ..
ചുട്ടുകൊല്ലമ്മേ..
ഉടവാളുകൊണ്ടെന്റെ
നെഞ്ചു കീറമ്മേ..

ഭാഷ മമ്മു



## ഭ്രാന്ത് പൂക്കുന്ന വാക്ക് .

=================

**ഭാഷ മമ്മു**

വാക്കുകൾ
കുളിച്ചൊരുങ്ങിയെത്തുന്നു.
എത്രയണിഞ്ഞൊരുങ്ങിയിട്ടും
തൃപ്തിയാവാതെ ചിലത്
പിന്നെയും
ആടയാഭരണങ്ങൾ
മാറ്റി മാറ്റിയണിയുന്നു.
തെറ്റാത്ത വരിയും നിരയും
മടുപ്പിക്കുന്ന അച്ചടക്കം .
ഞാനിപ്പോൾ തിരയുന്നത്
കുളിയും നനയും മറന്ന-
ലസയായിപ്പോയ
ഒരു ചങ്ങലയ്ക്കും
തളയ്ക്കാനാവാത്ത
ഭ്രാന്തുമായി
ഒറ്റയാനായെത്തുന്ന
തലതെറിച്ച ഒരു വാക്കിനെയാണ്.
നിഷേധത്തിന്റെ
ധിക്കാരത്തിന്റെ
തീക്കെടാത്ത വാക്ക് .
ലഹരി കെട്ടു പോയ
കവിതകൾക്ക്
ഭ്രാന്തു പൂക്കുന്ന
വാക്കുകൾ വേണം.






കഥ✐

## ➰അമൃതേത്ത്!

ഒരു ജൻമത്തിന്റെ വിശപ്പുമായാണ്✵ ചെക്കൻ ഹാളിലെത്തിയത്. അപ്പോഴേക്കും തീറ്റ മത്സരം തുടങ്ങിക്കഴിഞ്ഞിരുന്നു. രണ്ടാമത്തെ വരിയിൽ ഇടത്തു നിന്ന് ഏഴാമത് അവൻ ചമ്രം പടിഞ്ഞിരുന്നു. ഇഡ്ഢലി ഒന്നിനു പിറകെ ഒന്നായ് അവന്റെ മുന്നിൽ നിറഞ്ഞു. വൃത്തികെട്ട ഇടതു കൈ കൊണ്ട് വലതുകാൽമുട്ട് ഇറുക്കിപ്പിടിച്ച് അവൻ പാത്രത്തിലേക്ക് കുനിഞ്ഞിരുന്നു. എന്നിട്ട് വലതു കൈയിൽ ഇഡ്ഢലിയെടുത്ത് വേഗം വിഴുങ്ങാൻ തുടങ്ങീ. അങ്ങിങ്ങ് വെള്ളക്കുപ്പായമിട്ട സംഘാടകർ എന്തെല്ലാമോ നിർദ്ദേശങ്ങൾ നൽകുന്നുണ്ടായിരുന്നു. ചെക്കൻ അതൊന്നും കാര്യമാക്കിയില്ല. നല്ല പുതിയ ഇഡ്ഢലിയാണ് മുമ്പിൽ ചിരിച്ചു നിൽക്കുന്നത്. ചൂടുള്ള പലഹാരം അവന് പുത്തരിയായിരുന്നു. ഇനിയെപ്പോഴെങ്കിലും കിട്ടുമെന്ന് പ്രതീക്ഷിക്കാനൊന്നും അവന് അറിയില്ലായിരുന്നു. കുടിക്കാനിത്തിരി വെള്ളം കിട്ടിയാൽ പറ്റുമെന്ന് മോഹമുണ്ടായിരുന്നു. പക്ഷേ, ചോദിക്കാൻ നാവ് പൊങ്ങിയില്ല'. പിടിച്ച് പുറത്താക്കിയാലോ എന്നായിരുന്നു ഭയം. ഓടയിൽ,തന്നെക്കാത്ത് ഒരുപാട് വെള്ളമുണ്ടല്ലോ എന്നവൻ അഭിമാനിച്ചു!

വയറ് നിറഞ്ഞെങ്കിലും ചെക്കന്റെ ആർത്തി മാറിയിരുന്നില്ല. അങ്ങനെയിങ്ങനെയൊന്നും മാറുന്ന ആർത്തിയായിരുന്നില്ല അത്. കീറടൗസറിന്റെ കെട്ടിവെച്ചിരുന്ന നാട അയച്ചുപിടിച്ച് വീണ്ടും അങ്കത്തിൽ മുഴുകി. ഉപയോഗശൂന്യമാക്കി വെച്ചിരുന്ന ഇടത് കൈ കൂടി വലതു കൈയുടെ സഹായത്തിന് പ്രയോഗിച്ചു. സംഘാടകരിൽ ചിലർ അവനെ ശ്രദ്ധിക്കുന്നുണ്ടായിരുന്നു. മാങ്ങയണ്ടി കടിച്ചു പറിക്കുന്ന അണ്ണാൻകുഞ്ഞിനെ ഓർത്തിട്ടാകാം അവരിൽ ഒരാൾ അടക്കിച്ചിരിച്ചത്. അന്യന്റെ തള്ളയ്ക്ക് ഭ്രാന്ത് വന്നത് കാണാൻ കഴിയുന്നപോലുള്ള ഒരു സന്തോഷം അവരുടെയൊക്കെ മുഖത്ത് വിരിഞ്ഞ് നിന്നിരുന്നു!

ഉണ്ണി വയറ് നിറഞ്ഞു പൊട്ടുമെന്നുറപ്പായപ്പോൾ ചെക്കൻ നിരാശയോടെ തീറ്റി നിർത്തി, കൈകുടഞ്ഞു. ഓട്ടക്കണ്ണിട്ട് ചുറ്റും നോക്കി. ആരും തന്നെ കാണുന്നില്ലെന്ന് ഉറപ്പായപ്പോൾ പതുക്കെ എഴുന്നേറ്റ് നിന്നു. സംഘാടകരിൽ ഒരാൾ തടിച്ചൊരു രജിസ്റ്റർ പുസ്തകവുമായ് അവനെ സമീപിച്ചു. തൊണ്ടിയോടെ പിടിക്കപ്പെട്ട കള്ളന്റെ ഭാവമായിരുന്നു, അപ്പൊഴാ മുഖത്ത്. തല താഴ്ത്തി, കൈകൾ പിറകിൽ പിണച്ചുകെട്ടി കുറച്ചു നേരം അവൻ നിന്നു. പെട്ടെന്ന്, ശരം വിട്ട പോലെ പുറത്തേക്ക് കുതിച്ചു.ആരും തന്നെ പിന്തുടരുന്നില്ലെന്ന് ഉറപ്പാകുന്നത് വരെ ഓടിക്കൊണ്ടിരുന്നു. വാസ്തവത്തിൽ ആരും പിന്തുടർന്നിരുന്നില്ല.


പട്ടണത്തിലെ ഇരുണ്ട ഗാലറികളിലൂടെ പടിഞ്ഞാറെ ഗെയിറ്റിനടുത്തെത്തിയ ചെക്കൻ മുകളിലെ ഊടുവഴിയിലേക്ക് ചാടിക്കയറി, കൂരകളുടെ മുമ്പിലൂടെ ഏഴാമത്തെ കുടിലിൽ നുഴഞ്ഞു കയറി..

അവൻ അകത്ത് കടന്നയുടൻ, നിലത്തുള്ള ചാക്ക് പുതപ്പ് ഇളകാൻ തുടങ്ങി.അതിൽ നിന്ന് ഉണങ്ങിയ ഉണ്ണിക്കൈകൾ പുറത്തേക്ക് നീണ്ടു. നിമിഷങ്ങൾക്കുള്ളിൽ തീരെ  ചെറിയൊരാൺകുട്ടി  ചാക്കിൽ എഴുന്നേറ്റിരുന്നു. അവൻ തീർത്തും നഗ്നനായിരുന്നു. അഭ്യസിച്ചു പഠിച്ച ഏകവിദ്യ കാണിക്കുന്ന പോലെ അവൻ കൈ രണ്ടും ചെക്കന് നേരെ നീട്ടി. തികഞ്ഞ അധികാര ഭാവം ആ മുഖത്ത് സ്ഫുരിക്കുന്നുണ്ടായിരുന്നു.. കുട്ടിയെ കണ്ടപ്പോൾ ചെക്കന്റെ മുഖം വാത്സല്യനിർഭരമായി. അവനല്പനേരം മിണ്ടാതെ നിന്നു.തിക്കും പൊക്കും നോക്കി ആരും കാണുന്നില്ലെന്ന് ഉറപ്പ് വരുത്തി, സാവധാനം ട്രൗസറിന്റെ വലതുപോക്കറ്റിൽ കൈയിട്ട് രണ്ട് ഇഡ്ഡ്ഡലിയെടുത്ത് കുട്ടിക്ക് നേരെ നീട്ടി. മറ്റാരോ തട്ടിപ്പറിക്കുമെന്ന് പേടിച്ചിട്ടെന്ന പോലെ കുട്ടി നൊടിയിടക്കുള്ളിൽ, ചവക്കാൻ പോലും മെനക്കെടാതെ രണ്ടും വയറ്റിലെത്തിച്ചു.

അനിയൻ കുട്ടിയെക്കൂടി ഹാളിലേക്ക് കൊണ്ടുപോവാതിരുന്ന മണ്ടത്തരമോർത്ത് ചെക്കൻ ലജ്ജിച്ചു. അവൻ ആവുന്നത്ര മാർദ്ദവത്തിൽ കുട്ടിയുടെ മൂർദ്ധാവിൽ തടവിക്കൊടുത്തു, കുട്ടിയാകട്ടെ ചെക്കനെ അടിമുടി ഒന്നുഴിഞ്ഞു നോക്കി, ഒട്ടും നാണം കൂടാതെ വീണ്ടും കൈ രണ്ടും നീട്ടി. ചെക്കൻ അത്ഭുതവിളക്കെടുക്കുന്ന അലാവുദ്ദീന്റെ ഭാവത്തിൽ, ഇടതു പോക്കറ്റിൽ കൈകടത്തി ഒരിഡ്ഡലികൂടിയെടുത്ത് കുട്ടിക്ക് കൊടുത്തു. കുട്ടി പഴയതിലും വേഗത്തിൽ അതും അകത്താക്കി.പിന്നീടവൻ

കൈനീട്ടിയില്ല; മുളച്ചുവരുന്ന മഞ്ഞപ്പല്ല് കാണിച്ച് കണിക്കൊന്ന പൂത്തപോലെ ചിരിക്കാൻ തുടങ്ങി. ചെക്കന്റെ മനസ്സ് നിറഞ്ഞു; മിഴികളും. അവൻ കുട്ടിയെ എടുത്തുയർത്തി, വീർത്ത മത്തങ്ങവയറിൽ ഉമ്മവെച്ചു. ഒരു കുരുക്ഷേത്രം തനിയെ ജയിച്ച ഭാവം ആ മുഖത്ത് തിരതല്ലുന്നുണ്ടായിരുന്നു!!!

**വേണുഗോപാൽ പേരാമ്പ്ര**



SALABH 9D



## സസ്നേഹം

ഇന്നത്തെ യാത്ര ഉല്ലാസരഹിതമായിരുന്നു. കണ്ടതും കേട്ടതും അസഹനീയമായിരുന്നു. മനസ്സും ശരീരവും വേദനിച്ചു. കണ്ണടച്ചു കിടന്നു. കണ്ടതും മറക്കാൻ ശ്രമിച്ചതും ഉൾ കണ്ണിൽ നൃത്തമാടി.മുറിയിലെ കനത്ത നിശബ്ദതയിലും കർണത്തിൽ ബഹളമയമായിരുന്നു. ഉറക്കം വരാൻ താമസം, പത്രങ്ങൾ തുറന്നപ്പോൾ, രക്തമയമായ വാർത്തകൾ നേത്രത്തിലേക്ക് കുന്തമുനകൾ നീട്ടുകയായിരുന്നു. ഭയന്ന് ,പത്രം വലിച്ചെറിഞ്ഞത് ഓർക്കുന്നു. മയക്കത്തിന്റെ തീഷ്ണതയിൽ, മലാഖയോടൊപ്പം സ്നേഹ മാളിന്റെ ഗോവണികൾ കയറി ഞാൻ തിരഞ്ഞുകൊണ്ടിരുന്നു.

" എവിടെയാണ് സ്നേഹം കിട്ടുക "

സ്നേഹത്തിനും കമ്പനികൾ?

അച്ഛനമ്മ,

ബന്ധുക്കൾ,
ഭർത്താക്കൻമാർ,
ഭാര്യമാർ,
കാമുകൻ,
കാമുകി,
സുഹൃത്ത്,
മക്കൾ ......!
നല്ല കമ്പനി അച്ഛനമ്മ! നീണ്ടു നിൽക്കും.
വിലയും കുറവ്
ഭർത്താവ്, ഭാര്യ, പിന്നെ
മക്കൾ 75% ,
ബാക്കിയുള്ളവ: ...?
എന്റെ കണ്ണിൽ ഇരുട്ട് പരന്നു. തളർന്നുവീണത് ഓർമ്മയുണ്ട് സ്നേഹത്തിന്റെ വിളി മധുരമായി കാതിൽ അലകൾ ഞൊറിഞ്ഞപ്പോൾ, കണ്ണ് തുറന്നു പോയി കട്ടിലിനരികിൽ ബെഡ് കോഫിയുമായി ഭാര്യ.

സുരേഷ് ദ്വാരക

# Thank you ……

